"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി - ചേന്ദമംഗലം കൈത്തറി ഗ്രാമം പദ്ധതിയുടെ ഭാഗമായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി (ഐ.ഐ.എച്ച്.ടി, കണ്ണൂർ)ക്ക് അനുവദിച്ച തുകയിൽ നിന്നും സർക്കാർ റെസ്യൂം ചെയ്ത തുകയിൽ 1,60,00,000/- രൂപ തിരികെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (സി) വകുപ്പ്

സ.ഉ.(സാധാ) നം.1058/2024/ID തീയതി,തിരുവനന്തപുരം, 01-11-2024

---

പരാമർശം:- 1. 21.03.2013 ലെ സ.ഉ(സാധാ)നം.409/2013/വ്യവ

2. 06.01.2014 ലെ സ.ഉ(സാധാ)നം.20/2014/വ്യവ
3. 15.12.2014 ലെ സ.ഉ(സാധാ)നം.1411/2014/വ്യവ
4. 18.02.2015 ലെ സ.ഉ(സാധാ)നം.155/2015/വ്യവ
5. 16.01.2023 ലെ സ.ഉ(സാധാ)നം.40/2023/വ്യവ
6. കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടറുടെ 08.05.2024 തിയതിയിലെ HL/1086/2020-C4 SELF EMPLOYMENT നമ്പർ കത്ത്

<u>ഉത്തരവ്</u>

എറണാകുളം ജില്ലയിലെ ചേന്ദമംഗലത്ത് സമഗ്ര കൈത്തറി ഗ്രാമം സ്ഥാപിക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട് പരാമർശം (1) മുതൽ (4) വരെയുള്ള ഉത്തരവുകൾ പ്രകാരം 6.50 കോടി രൂപ നിർവ്വഹണ ഏജൻസിയായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി (ഐ.ഐ.എച്ച്.ടി, കണ്ണൂർ) യ്ക്ക് അനുവദിച്ചിട്ടുണ്ടായിരുന്നു. 28.03.2018ൽ ഐ.ഐ.എച്ച്.ടി. യുടെ ട്രഷറി അക്കൗണ്ടിൽ നിന്നും 5,58,50,634/- രൂപ സർക്കാർ പിൻവലിച്ചിരുന്നു. പരാമർശം (5) പ്രകാരം പ്രസ്തുത തുക ഐ.ഐ.എച്ച്.ടി. യ്ക്ക് തിരികെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) എന്നാൽ പരാമർശം (5) പ്രകാരം അനുവദിച്ച തുകയിൽ 3,46,27,620/- രൂപ ഐ.ഐ.എച്ച്.ടി യ്ക്ക് റിലീസ് ചെയ്തു നൽകിയിരുന്നുവെന്നും റിലീസ്

ചെയ്തു നൽകുവാൻ ബാക്കിയുള്ള 2,12,23,014/- രൂപ അനുവദിക്കണമെന്നും പരാമർശം (6) പ്രകാരം കൈത്തറി ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചേന്ദമംഗലം കൈത്തറി ഗ്രാമം പദ്ധതിയുടെ ഭാഗമായി ഐ.ഐ.എച്ച്.ടി യ്ക്ക് അനുവദിച്ച തുകയിൽ നിന്നും സർക്കാർ റെസ്യൂം ചെയ്ത തുകയിൽ തിരികെ അനുവദിക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ള ബാക്കി തുകയായ 2,12,23,014/- രൂപയിൽ 1.6 കോടി രൂപ 2851-00-103-37(P) എന്ന ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ഐ.ഐ.എച്ച്.ടി. യ്ക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) കൈത്തറി & ടെക്സ്റ്റൈൽ ഡയറക്ടർ പ്രസ്തുത തുക നടപ്പു സാമ്പത്തിക വർഷത്തെ 2851-00-103-37(P) എന്ന ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ഐ.ഐ.എച്ച്.ടി യ്ക്ക് അനുവദിച്ച് നൽകേണ്ടതാണ്.

5) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജിയ്ക്ക് റിലീസ് ചെയ്തു നൽകുന്ന തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് നടപ്പു സാമ്പത്തിക വർഷം തന്നെ കൈത്തറി & ടെക്സ്റ്റൈൽ ഡയറക്ടർ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

1. കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടർ, തിരുവനന്തപുരം
2. എക്സിക്യൂട്ടിവ് ഡയറക്ടർ, ഐ.ഐ.എച്ച്.ടി, കണ്ണൂർ
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(G&SSA), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (A&E), തിരുവനന്തപുരം
5. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
6. ധനകാര്യ(I&PW-A) വകുപ്പ് (E 2065763/I &PW-A3/90/2022-Fin)
7. ഐ& പി ആർ ഡി
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sreekumar R
സെക്ഷൻ ഓഫീസർ
Date: 04-11-2024 10:38:07